5. ബയോഗ്യാസ് വികസന പദ്ധതി.

6. സുഗന്ധ വ്യഞ്ജന കൃഷി വികസനം.

7. പോളിഹൗസ്/ഗ്രീൻ ഹൗസ് നിർമ്മാണം.

8. വെർമ്മി കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം.

9. ക്ലൗ കൃഷി വ്യാപിപ്പിക്കൽ.

10. പൈനാപ്പിൾ കൃഷി വികസനം.

പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടില്ല. മണ്ഡലാടിസ്ഥാനത്തിലാണ് പദ്ധതികൾ വിഭാവന ചെയ്തിരിക്കുന്നത്.

നിറവ് പദ്ധതി

138 (3108) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം അസംബ്ലിമണ്ഡലത്തിൽ, നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്നും, ഇതിനുവേണ്ടി എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും ഇനി നടപ്പിലാക്കാൻ പോകുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഗ്രാമപഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

2013-14-ൽ നിറവ് പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത നിയോജക മണ്ഡലങ്ങളിൽ ഒന്നാണ് കായംകുളം. 2013-14-ലും 2014-15-നും നിറവ് പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്താത്തതിനാൽ ഈ പദ്ധതിക്കായി തുക വിനിയോഗിച്ചിട്ടില്ല.

നിറവ് പദ്ധതി

139 (3109) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ എവിടെയെല്ലാമാണ് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നിറവ് പദ്ധതി നടപ്പിലാക്കിവരുന്നത്; വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ മണ്ഡലങ്ങളിൽ 'കാർഷിക രംഗത്ത് എന്തെല്ലാം ഗുണങ്ങളാണ് ഉണ്ടായിട്ടുള്ളത്'; വ്യക്തമാക്കുമോ ;

(സി) പദ്ധതിയിലൂടെ കർഷകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ ?

ഉത്തരം

(എ) നിറവ് പദ്ധതി നടപ്പിലാക്കുവാനുദ്ദേശിച്ചിട്ടുള്ള നിയോജക മണ്ഡലങ്ങളുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) നിറവ് പദ്ധതിക്കായി തെരഞ്ഞെടുത്ത മണ്ഡലങ്ങൾക്ക് പ്രാധാന്യം നൽകി കൃഷി വകുപ്പ് 2014-15-ൽ പദ്ധതി നിർവ്വഹണം നടത്തിയതുവഴി കാർഷിക രംഗത്ത് സമഗ്ര പുരോഗതി കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു

(സി) ഓരോ മണ്ഡലങ്ങളിലും നടപ്പാക്കുന്ന പദ്ധതികൾ വിഭാവന ചെയ്യുന്ന സൗകര്യങ്ങളാണ് കർഷകർക്ക് ലഭിക്കുന്നത്.

നിറവ് പദ്ധതി

140 (3110) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിറവ് പദ്ധതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പദ്ധതി നടപ്പാക്കുവാൻ തെരഞ്ഞെടുത്തിട്ടുള്ള മണ്ഡലങ്ങൾ ഏതൊക്കെയാണ്;

(സി) തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം അറിയിക്കുമോ ;

(ഡി) ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെ അടങ്കൽ തുക എത്രയാണ്;

(ഇ) ആരംഭിച്ചതും പൂർത്തിയായതുമായ ജോലികൾ ഏതൊക്കെയാണ്, ചെലവാക്കിയ തുക എത്രയാണ് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി-ഇ) നിറവ് പദ്ധതിയ്ക്കായി തുക വകയിരുത്താത്തതിനാൽ നിയോജക മണ്ഡലങ്ങൾ പദ്ധതിയുടെ ഒരു രൂപരേഖ മാത്രമേ തയ്യാറാക്കിയിട്ടുള്ളൂ. രൂപരേഖയനുസരിച്ച് വിവിധ കാർഷിക, മൃഗസംരക്ഷണ പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly